ഭരണഭാഷ - മലയാളം ഭാഷ


**കാലിക്കറ്റ് സർവ്വകലാശാല**

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ**

ഫോൺ : 0494-2407152,
കാലിക്കറ്റ് യൂണിവേഴ്സിറ്റി പി.ഒ., മലപ്പുറം -673635.


No: 200424/DOA-ASST-6/2017/Admn. തീയതി: 02-08-2017

# സർക്കുലർ - 5

**ബി.എഡ്. പ്രവേശനം**

- ബി.എഡ്. ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലും ഒഴിവുള്ള സീറ്റുകളിലേക്ക് 07.08.2017 ന് പകൽ 11 ന് പ്രവേശനം നടത്താവുന്നതാണ്. ഈ പ്രവേശനത്തിന് താഴെപറയുന്ന കാര്യങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

- ഏതെല്ലാം വിഭാഗങ്ങളിലാണ് ഒഴിവുള്ളതെന്ന് വ്യക്തമായും സൂചിപ്പിച്ചുകൊണ്ട് രണ്ട് ദിനപത്രങ്ങളിൽ വാർത്ത നൽകണം. ഈ വാർത്തയിൽ SC/ST ഒഴിവുകൾ ഉൾപ്പെടെ സംവരണ സീറ്റുകളിലേക്ക് അപേക്ഷകരില്ലെങ്കിൽ അത്തരം ഒഴിവുകളിലേക്ക് മറ്റു അർഹതയുള്ള വിഭാഗങ്ങളെ പരിഗണിക്കും എന്ന് നല്കണം.

- ഒഴിവുകൾ നികത്തുന്നതിന് അതത് കോളേജുകളിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകരുടെ അഭാവത്തിൽ CAP രജിസ്ട്രേഷനുള്ള അപേക്ഷകരെ പരിഗണിക്കാവുന്നതാണ്.

- 07.08.2017 ന് അഡ്മിഷൻ നൽകുന്നവരുടെ വിശദാംശങ്ങൾ 08.08.2017 ന് പകൽ 4 മണിക്കകം അഡ്മിഷൻ ലിങ്കിൽ അപ്‌ലോഡ് ചെയ്യണം.

- ലക്ഷദ്വീപ് കാറ്റഗറിയിൽ സംവരണം ചെയ്ത ഒഴിവ് സീറ്റിലേക്ക് അപേക്ഷകരില്ലെങ്കിൽ അത്തരം ഒഴിവുകൾ 26.08.2017 ന് മാത്രമേ മറ്റു വിഭാഗങ്ങളിലേക്ക് മാറ്റി പ്രവേശനം നല്കാൻ പാടുള്ളൂ.

- 07.08.2017 ന് ശേഷമുള്ള ഒഴിവുകൾ 'Reallocation' മുഖേനയും നികത്താവുന്നതാണ്. 'Reallocation' നടത്തി ഒഴിവുകൾ നികത്തുന്ന കോളേജുകൾ ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകൾ ആയതിലേക്കായി കോളേജ് ഡവലപ്പ്മെന്റ് കൗൺസിലിൽ അപേക്ഷിച്ച് ഉത്തരവ് നേടേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഡയറക്ടറേറ്റ് ഓഫ് അഡ്മിഷനിലേക്ക് beducation@uoc.ac.in മുഖേന മെയിൽ ചെയ്യണം. 'Reallocation' നടത്തുന്ന യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്ററുകൾ ഡയറക്ടറേറ്റ് ഓഫ് ടീച്ചർ എഡ്യുക്കേഷനിൽ അപേക്ഷ നൽകി ഉത്തരവ് നേടണം.

- മാനേജ്മെന്റ് ക്വാട്ടയിലും മറ്റു കാറ്റഗറിയിലുമുള്ള ഒഴിവുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന, ഇതുവരെയും ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്തവർക്ക് രജിസ്ട്രേഷനുള്ള സൗകര്യം 26.08.2017 വരെ ലഭ്യമായിരിക്കും.

**Dr. Jose .T. Puthur**
**DIRECTOR**